**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2017-18 - റോഡ് സംരക്ഷണ ഫണ്ട്-മട്ടന്നൂർ നഗരസഭയ്ക്ക് അനുവദിച്ചത്- ക്ലറിക്കൽ പിശകുമൂലം വിട്ടുപോയ 3 വർക്കുകൾ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്**

സ.ഉ.(സാധാ) നം. 7513/2017/ധന. തീയതി, തിരുവനന്തപുരം, 06 ഒക്ടോബർ 2017

---

പരാമർശം. 1) സ.ഉ.(സാധാ) നം.1032/2017/ത.സ്വ.ഭ.വ തീയതി 31/03/2017.
2) സ.ഉ.(സാധാ) നം.3632/2017/ധന തീയതി 25/04/2017.
3) മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിന്റെ 04/04/2017 ലെ 2-ാം നമ്പർ തീരുമാനം.
4) മട്ടന്നൂർ മുനിസിപ്പൽ ചെയർമാന്റെ 22/08/2017 ലെ കത്ത്

**<u>ഉത്തരവ്</u>**

മട്ടന്നൂർ മുനിസിപ്പാലിറ്റിക്ക് പശ്ചാത്തല മേഖലയിൽ 21 വർക്കുകൾക്ക് 5 കോടി രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട്. ആയത് പരാമർശം (2) പ്രകാരം അധിക ധനാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം (3) ലെ തീരുമാനപ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളിൽ കുംഭമൂല കോളാരി റോഡ് എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തിയതു കൊണ്ടും കാര-കൊട്ടവളം ഫുട്പാത്ത് കിയാൽ പദ്ധതിയിൽ ഉൾപ്പെടുത്തിയതിനാലും ആയതു രണ്ടും ഒഴിവാക്കി പകരം വെമ്പടി - നെടിയാന്തിരം റോഡ്, പയ്യപ്പറമ്പ് പൊറോറ റോഡ് (പാച്ച് വർക്ക്) എന്നിവ ഉൾപ്പെടുത്തണമെന്നും അനുവദിച്ച 5 കോടി രൂപയിൽ തുക പരിമിതപ്പെടുത്തി ബാക്കി വരികയാണെങ്കിൽ മരുതായി-കരിങ്ങന്നൂർ പറമ്പ് റോഡ് (പാച്ച് വർക്ക്), മണ്ണൂർ സ്കൂൾ റോഡ്, പുലിയങ്ങോട്-പെരുവഴിയ്ക്കരി റോഡ്, മൃഗാശുപത്രി-കല്ലൂർ പാലം റോഡ് (റിപ്പയർ) എന്നീ പ്രവൃത്തികൾ കൂടി ഏറ്റെടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. സൂചന (2) ലെ ഉത്തരവിൽ മൂന്ന് പ്രവൃത്തികൾ ഉൾപ്പെടുത്താൻ വിട്ടുപോയതായും ആയത് ഉൾപ്പെടുത്തി കൊണ്ടുള്ള അനുമതിയ്ക്കായി മട്ടന്നൂർ നഗരസഭ ചെയർമാൻ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മട്ടന്നൂർ നഗരസഭക്ക് പരാമർശം (2) ഉത്തരവിൽ ക്ലറിക്കൽ പിശകുമൂലം ഉൾപ്പെടുത്താൻ വിട്ടു പോയ ആണിക്കരി ഹരിജൻ കോളനി റോഡ്, വെള്ളച്ചാൽ നിരമ്മൽ റോഡ്, കായല്ലൂർ ആവട്ടി റോഡ് എന്നീ 3 പ്രവൃത്തികളും കൂടി ഉൾപ്പെടുത്തി മൊത്തം 25 പ്രവൃത്തികൾക്ക് 5 കോടി (അഞ്ച് കോടി രൂപ മാത്രം) രൂപയിൽ

നിജപ്പെടുത്തിക്കൊണ്ട് അധിക ധനവിനിയോഗ അനുമതി അനുവദിച്ച് ഉത്തരവാകുന്നു. ഇതിന്റെ ചെലവ് "3054-80-192-38-NP" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ഗവ: ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, മട്ടന്നൂർ മുനിസിപ്പാലിറ്റി.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ